# Earthquake relief assistance to Türkiye

February 06, 2023

## തുർക്കിയ്ക്ക് ഭൂകമ്പ ദുരിതാശ്വാസ സഹായം

ഫെബ്രുവരി 06, 2023

തുർക്കിയിൽ ഇന്ന് ഉണ്ടായ ഭൂകമ്പത്തെ നേരിടാൻ സാധ്യമായ എല്ലാ സഹായവും വാഗ്ദാനം ചെയ്യാനുള്ള പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, അടിയന്തര ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്യുന്നതിനായി പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. പി.കെ. മിശ്ര സൗത്ത് ബ്ലോക്കിൽ യോഗം ചേർന്നു. റിപ്പബ്ലിക് ഓഫ് തുർക്കി സർക്കാരുമായി ഏകോപിപ്പിച്ച് ദുരിതാശ്വാസ സാമഗ്രികൾ സഹിതം എൻഡിആർഎഫിന്റെയും മെഡിക്കൽ ടീമുകളുടെയും തിരച്ചിൽ& രക്ഷാപ്രവർത്തന സംഘങ്ങളെ ഉടൻ അയക്കുമെന്ന് തീരുമാനിച്ചു.

പ്രത്യേക പരിശീലനം ലഭിച്ച ഡോഗ് സ്ക്വാഡുകളും ആവശ്യമായ ഉപകരണങ്ങളുമായി 100 പേർ അടങ്ങുന്ന എൻഡിആർഎഫിന്റെ രണ്ട് ടീമുകൾ തിരച്ചിൽ -രക്ഷാപ്രവർത്തനങ്ങൾക്കായി ഭൂകമ്പബാധിത പ്രദേശത്തേക്ക് പറക്കാൻ തയ്യാറായിരിക്കുന്നു. പരിശീലനം ലഭിച്ച ഡോക്ടർമാരുമായും പാരാമെഡിക്കുകളുമായും അവശ്യ മരുന്നുകളുമായി മെഡിക്കൽ ടീമുകളും സജ്ജമാണ്.റിപ്പബ്ലിക് ഓഫ് തുർക്കി സർക്കാരും അങ്കാറയിലെ ഇന്ത്യൻ എംബസിയും ഇസ്താംബൂളിലെ കോൺസുലേറ്റ് ജനറൽ ഓഫീസും ഏകോപിപ്പിച്ച് ദുരിതാശ്വാസ സാമഗ്രികൾ അയയ്ക്കും.

കാബിനറ്റ് സെക്രട്ടറി, ആഭ്യന്തര മന്ത്രാലയങ്ങൾ, എൻഡിഎംഎ, എൻഡിആർഎഫ്, പ്രതിരോധം, എംഇഎ, സിവിൽ ഏവിയേഷൻ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് എന്നിവയുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

**ന്യൂ ഡൽഹി**
**ഫെബ്രുവരി 06, 2023**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.